## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 974** | **07-12-2022 - ൽ മറുപടിയ്ക്ക്**

## ആംഗ്ലോ ഇന്ത്യൻ സമുദായത്തിൽപ്പെട്ട വിദ്യാർഥികൾക്കുള്ള സംവരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ആംഗ്ലോ ഇന്ത്യൻ സമുദായത്തിൽപ്പെട്ട വിദ്യാർഥികൾക്ക് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും മെഡിക്കൽ പി. ജി കോഴ്സുകളിലും വിദ്യാഭ്യാസ സംവരണം പിന്നാക്ക സമുദായമായതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്നുണ്ടോ എന്നറിയിക്കാമോ; | (എ) | ആംഗ്ലോ ഇന്ത്യൻ വിദ്യാർത്ഥികൾക്ക് മെഡിക്കൽ പി.ജി. കോഴ്സുകളിൽ ലത്തീൻ കത്തോലിക്ക വിഭാഗങ്ങൾക്കൊപ്പം ചേർത്ത് സംവരണം ലഭിക്കുന്നുണ്ട്. എന്നാൽ ആർട്സ് ആൻഡ് സയൻസ് കോഴ്സുകളിൽ നിലവിൽ സംവരണം ലഭിക്കുന്നില്ല. |
| (ബി) | ആംഗ്ലോ ഇന്ത്യൻ സമുദായം കേരള സ്റ്റേറ്റ് എസ്.ഇ.ബി.സി. ആൻഡ് ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ; കേരള സ്റ്റേറ്റ് എസ്.ഇ.ബി.സി. ലിസ്റ്റിൽ ഉൾപ്പെട്ട സമുദായങ്ങൾക്ക് വിദ്യാഭ്യാസ സംവരണത്തിന് അവകാശമുണ്ടോ എന്നറിയിക്കാമോ; | (ബി) | ആംഗ്ലോ ഇന്ത്യൻ സമുദായം സംസ്ഥാന ഒ.ബി.സി. പട്ടികയിൽ 1958 മുതൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ 1966 ൽ ജസ്റ്റീസ് കുമാരപിള്ള കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ എസ്.ഇ.ബി.സി. പട്ടികയിൽ ആംഗ്ലോ ഇന്ത്യൻസ് ഉൾപ്പെട്ടിരുന്നില്ല. |
| (സി) | നിലവിൽ ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും മെഡിക്കൽ പി ജി കോഴ്സുകളിലും കൂടാതെ മറ്റ് കോഴ്സുകളിലും വിദ്യാഭ്യാസ സംവരണം ലഭിക്കുന്നില്ലെന്ന് കാണിച്ച് അഡ്വ . ആന്റണി നിൽറ്റൺ റീമേലോയുടെ പരാതി കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ ബാക് വേർഡ് ക്ലാസ്സെസ് ഓഫീസിൽ ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; എങ്കിൽ അതിൽ എന്ത് നടപടി സ്വീകരിച്ചുവെന്നറിയിക്കാമോ; | (സി) | ഉണ്ട്. ഈ വിഷയം പിന്നാക്ക വിഭാഗ കമ്മീഷൻ പരിശോധിച്ചുവരുന്നു. |
| (ഡി) | പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യലയത്തിൽ നിന്ന് 30.11.2021 ലെ ബി.സി.ഡി.ഐ.ആർ /ബി2/319/2021 നമ്പർ കത്ത് മുഖേന സർക്കാരിലേക്ക് ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് എല്ലാ തലത്തിലുമുള്ള വിദ്യാഭ്യാസ സംവരണം ലത്തീൻ കാത്തോലിക്കരോടൊപ്പം ചേർത്ത് നൽകണമെന്ന ശിപാർശ സർക്കാരിലേക്ക് ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; എങ്കിൽ | (ഡി) | ഉണ്ട്. ഈ വിഷയത്തിൽ പിന്നാക്ക വിഭാഗ കമ്മീഷന്റെ ഉപദേശം ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| | അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ; | | |
| (ഇ) | കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ ബാക് വേർഡ് ക്ലാസ്സസ്-ൽ നിന്നും ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് ലത്തീൻ കത്തോലിക്കരുടെ കൂടെ ചേർത്ത് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും മെഡിക്കൽ പി ജി കോഴ്സുകളിലും വിദ്യാഭ്യാസ സംവരണം നൽകാനുള്ള ഉപദേശം ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ? | (ഇ) | ഉണ്ട്. ഈ വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ